**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 821** **17-09-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; നിലവിലെ പുരോഗതി വ്യക്തമാക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമ്മാണം ആരംഭിച്ചിട്ടില്ല. സംസ്ഥാന സർക്കാരും അദാനി കമ്പനിയും തമ്മിൽ ഏർപ്പെട്ട സപ്ലിമെന്ററി കൺസെഷൻ കരാർ പ്രകാരം തുറമുഖത്തിന്റെ തുടർ ഘട്ടങ്ങളുടെ നിർമ്മാണം ഒന്നാം ഘട്ടത്തിന്റെ തുടർച്ചയായി ഏറ്റെടുക്കാനും 2028 ഡിസംബറിനുള്ളിൽ പൂർത്തീകരിക്കുവാനും ഉടമ്പടിയായിട്ടുണ്ട്. തുടർ ഘട്ടങ്ങളുടെ നിർമ്മാണത്തിനായുള്ള പാരിസ്ഥിതി കാനുമതി 10/03/2025 ന് കേന്ദ്ര വനം – പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. തുടർ ഘട്ടങ്ങൾ കൂടി പൂർത്തിയാകുന്നതോടുകൂടി തുറമുഖത്തിന്റെ സ്ഥാപിത ശേഷി പ്രതിവർഷം 30 ലക്ഷം TEU കണ്ടെയ്നറുകളായി ഉയരുന്നതാണ്. തുടർ ഘട്ടങ്ങളുടെ പദ്ധതിച്ചെലവായി ഏകദേശം 9500 കോടി രൂപയാണ് AVPPL കണക്കാക്കിയിട്ടുള്ളത്. ടി തുക പൂർണ്ണമായും AVPPL വഹിക്കുന്നതുമാണ്. നിലവിൽ തുടർ ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള Detailed Design ഉം മറ്റും പദ്ധതിയുടെ Independent Engineer മുഖേന പരിശോധിച്ച് വരികയാണ്.<br><br>നിലവിൽ 800 മീറ്റർ നീളമുള്ള കണ്ടെയ്നർ ബെർത്തിന്റെ നീളം 2000 മീറ്ററായും, 2960 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ നീളം 3880 മീറ്ററായും, 30 ഹെക്ടർ വിസ്തീർണ്ണമുള്ള കണ്ടെയ്നർ യാർഡ് 70 ഹെക്ടർ ആയും വർദ്ധിപ്പിക്കുന്നതാണ്. കൂടാതെ, തുടർ ഘട്ടങ്ങളിലെ പ്രവർത്തനങ്ങൾക്കായി ആവശ്യമായ യന്ത്രോപകരണങ്ങളുടെ സ്ഥാപിക്കലും പൂർത്തീകരിക്കും. ടി ഘടകങ്ങൾ പൂർത്തീകരിക്കുന്ന തോടു കൂടി തുറമുഖത്തിന്റെ ശേഷി 30 ലക്ഷം TEU ആയി ഉയരുന്നതാണ്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ 2028 ഡിസംബറോട് കൂടി പൂർത്തീകരിച്ച് തുറമുഖം പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുന്നതാണ്. |

| | | | |
|---|---|---|---|
| | | | തുടർ ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. |
| (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമ്മാണം പൂർണ്ണമാകുന്നതോടുകൂടി സംസ്ഥാനത്തിന്റെ സമ്പദ്‌വ്യസ്ഥയിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) | സംസ്ഥാന സർക്കാരും പദ്ധതിയുടെ കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ ഒപ്പ് വച്ച കൺസെഷൻ കരാർ പ്രകാരം തുറമുഖ വരുമാനത്തിന്റെ വിഹിതം 2035 മുതൽ സംസ്ഥാന സർക്കാരിനു ലഭിച്ചു തുടങ്ങുന്നതാണ്. 2035 മുതൽ വരുമാന വിഹിതത്തിന്റെ 1% സംസ്ഥാനത്തിന് ലഭിച്ചു തുടങ്ങും. ഇത് വർഷാവർഷം 1% വീതം വർദ്ധിച്ച് പരമാവധി 40% ൽ എത്തുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്.<br><br>വിഴിഞ്ഞം തുറമുഖത്തിന്റെ പൂർണ്ണഘട്ട വികസനം കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിതെളിക്കും. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;<br><br>1.വ്യാപാരവും കയറ്റുമതിയും വർദ്ധിപ്പിക്കൽ<br><br>• പ്രതിവർഷം 3 ദശലക്ഷം TEU-കൾ വരെ കൈകാര്യം ചെയ്യാൻ കഴിയുന്നതോടെ, വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ കയറ്റുമതി സാധ്യതകൾ ഗണ്യമായി വർദ്ധിക്കും. ഇത് കാർഷിക ഉൽപ്പന്നങ്ങൾ, സമുദ്രോത്പന്നങ്ങൾ, എന്നിവയുടെ കയറ്റുമതി കൂടുതൽ കാര്യക്ഷമമാ ക്കുകയും, ആഗോള വിപണിയിലേ ക്കുള്ള നുഴഞ്ഞുകയറ്റം മെച്ചപ്പെടുത്തു കയും ചെയ്യും.<br>• വിദേശ ട്രാൻസ്ഷിപ്മെന്റ് ഹബ്ബുകളിലുള്ള ആശ്രയത്വം കുറയുന്നത് ലോജിസ്റ്റിക്സ് ചെലവുകളും കാലതാമസവും കുറയ്ക്കാൻ സഹായിക്കും. ഇത് കേരളത്തിലെ കയറ്റുമതിക്കാർക്ക് കൂടുതൽ മത്സരക്ഷമത നൽകും.<br><br>2.സമുദ്ര വ്യാപാര-ലോജിസ്റ്റിക്സ് ഹബ്ബായി മാറാനുള്ള സാധ്യത.<br><br>• വിഴിഞ്ഞത്തിന് ഒരു കേന്ദ്ര വാണിജ്യ ഇടനാഴിയായി മാറാൻ സാധിക്കുന്നതാണ്. ഇത് തുറമുഖത്തെ കേന്ദ്രീകരിച്ചുള്ള വ്യവസായങ്ങൾ, സംഭരണശാലകൾ, ലോജിസ്റ്റിക്സ് പാർക്കുകൾ, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ വലിയ നിക്ഷേപങ്ങൾ ആകർഷിക്കും.<br>• ഇതുവഴി തുറമുഖത്തിന് ചുറ്റും വ്യാവസായിക ക്ലസ്റ്ററുകളും നിർമാണ കേന്ദ്രങ്ങളും |

| | | | |
|---|---|---|---|
| | | | രൂപപ്പെടുകയും, അത് സാമ്പത്തിക വൈവിധ്യവൽക്കരണത്തിന് ശക്തി പകരുകയും ചെയ്യും.<br><br>3.തൊഴിലവസരങ്ങളും നൈപുണ്യ വികസനവും<br><br>• തുറമുഖത്തിന്റെ വികസനം കാർഗോ കൈകാര്യം ചെയ്യൽ, ഷിപ്പിംഗ് സേവനങ്ങൾ, ലോജിസ്റ്റിക്സ്, ഗതാഗതം, തുറമുഖ പരിപാലനം തുടങ്ങിയ മേഖലകളിൽ പ്രത്യക്ഷവും പരോക്ഷവുമായ നിരവധി തൊഴിലവസര ങ്ങൾ സൃഷ്ടിക്കും.<br>• തുറമുഖവുമായി ബന്ധപ്പെട്ട നൈപുണ്യ വികസന പരിപാടികൾ പ്രാദേശിക തൊഴിലാളികളെ ശാക്തീകരിക്കുകയും, തൊഴിലില്ലായ്മ കുറയ്ക്കുകയും, പ്രത്യേകിച്ച് തീരദേശ സമൂഹങ്ങളിൽ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും.<br><br>4.പ്രാദേശിക അടിസ്ഥാന സൗകര്യങ്ങൾക്കും കണക്റ്റിവിറ്റിക്കും ഉത്തേജനം<br><br>• വിഴിഞ്ഞം തുറമുഖത്തിന്റെ പൂർണ്ണഘട്ട വികസനം റോഡ്, റെയിൽ, മൾട്ടിമോഡൽ കണക്റ്റിവിറ്റി എന്നിവയിൽ മെച്ചപ്പെടുത്തലു കൾക്ക് വഴിയൊരുക്കും. ഇത് കേരളത്തിന്റെ ഉൾപ്രദേശങ്ങളെ ദേശീയ, അന്തർദേശീയ വിപണികളുമായി കൂടുതൽ ഫലപ്രദമായി ബന്ധിപ്പിക്കും.<br>• മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ടൂറിസം, റീട്ടെയിൽ, റിയൽ എസ്റ്റേറ്റ് തുടങ്ങിയ അനുബന്ധ മേഖലകളിലെ വളർച്ചയ്ക്ക് ഉത്തേജനം നൽകും.<br><br>5.ദീർഘകാല സാമ്പത്തിക വളർച്ച<br><br>• കേരളം ഒരു പ്രധാന സമുദ്രവാണിജ്യ കവാടമായി മാറുന്നതോടെ, ആഗോള ഷിപ്പിങ് കമ്പനികളെയും നിക്ഷേപകരെയും ആകർഷിക്കും. ഇത് അന്താരാഷ്ട്ര വിതരണ ശൃംഖലകളിൽ (international supply chains) സംസ്ഥാനത്തിന് നിർണ്ണായകമായ ഒരു സ്ഥാനം നേടിക്കൊടുക്കും. |
| (സി) | നാളിതുവരെ എത്ര കപ്പലുകൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് വന്നിട്ടുണ്ട്; ഇതിലൂടെ സംസ്ഥാന സർക്കാരിന് നികുതി ഇനത്തിൽ എത്ര രൂപ സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ട്രയൽ റൺ 2024 ജൂലൈ മാസം 11-ാം തീയതിയും വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ 2024 ഡിസംബർ മാസം 3-ാം തീയതിയും |

| | | | |
|---|---|---|---|
| | | | ആരംഭിക്കുകയുണ്ടായി. ട്രയൽ അടിസ്ഥാനത്തിൽ കപ്പലുകൾ തുറമുഖത്തിൽ അടുത്തു തുടങ്ങിയതിനു ശേഷം നാളിതുവരെ തുറമുഖത്തിന്റെ പ്രവർത്തനം വിജയകരമായി പുരോഗമിക്കുകയാണ്. 2025 ആഗസ്റ്റ് മാസം 31- ആം തീയതി വരെ 468 കപ്പലുകൾ തുറമുഖത്തിലെത്തുകയും 10,26,983 TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്യപ്പെടുകയുമുണ്ടായി. ഇതിലൂടെ 425.72 കോടി രൂപ തുറമുഖ വരുമാനമായി കൺസഷണയർക്കും നികുതിയിനത്തിൽ 76.63 കോടി രൂപ സർക്കാരിനും ലഭിച്ചു. ട്രയൽ റൺ ആരംഭിച്ചതു മുതൽ 2025 ഓഗസ്റ്റ് മാസം വരെ തുറമുഖത്തിൽ കൈകാര്യം ചെയ്ത കണ്ടെയ്നറുകളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | തുറമുഖത്തിന്റെ വരുമാനം പൂർണ്ണതോതിൽ സംസ്ഥാന സർക്കാരിന് ലഭിക്കുന്ന കാലയളവ് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | സംസ്ഥാന സർക്കാരും പദ്ധതിയുടെ കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ ഒപ്പ് വച്ച കൺസെഷൻ കരാർ പ്രകാരം തുറമുഖ വരുമാനത്തിന്റെ വിഹിതം 2035 മുതൽ സംസ്ഥാന സർക്കാരിനു ലഭിച്ചു തുടങ്ങുന്നതാണ്. 2035 മുതൽ വരുമാന വിഹിതത്തിന്റെ 1% സംസ്ഥാനത്തിന് ലഭിച്ചു തുടങ്ങും. ഇത് വർഷാവർഷം 1% വീതം വർദ്ധിച്ച് പരമാവധി 40% ൽ എത്തുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| Month | No.of Vessels | No.of TEUs | Userfee collected (in Rs.Cr.) |
|---|---|---|---|
| Trial Operation Period (11th Jul 2024- 02nd Dec 2024) | 71 | 1,47,818 | 94.31 |
| Dec-24 | 33 | 67,338 | 32.79 |
| Jan-25 | 45 | 85,635 | 45.65 |
| Feb-25 | 40 | 78,833 | 27.29 |
| Mar-25 | 51 | 1,08,770 | 38.65 |
| Apr-25 | 45 | 1,04,413 | 35.16 |
| May-25 | 49 | 1,14,432 | 39.56 |
| Jun-25 | 43 | 95,573 | 32.65 |
| Jul-25 | 42 | 1,05,228 | 38.24 |
| Aug-25 | 49 | 1,18,943 | 41.42 |
| **Total** | **468 vessels** | **10,26,983 TEUs** | **Rs.425.72 Cr.** |

**സെക്ഷൻ ഓഫീസർ**